പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*422

26.06.2019-ൽ
മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

*ചോദ്യം*

ശ്രീ.സണ്ണി ജോസഫ്
ശ്രീ. എം. വിൻസെന്റ്
ശ്രീ.അൻവർ സാദത്ത്
ശ്രീ. അനിൽ അക്കര

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിശ്ചിത സൗകര്യങ്ങൾ ഉള്ളതാണെന്നും അക്കാഡമിക് നിലവാരം പുലർത്തുന്നവയാണെന്നും ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(എ) ഓരോ വർഷവും എ.ഐ.സി.റ്റി.ഇ പുറത്തിറക്കുന്ന Approval Process Handbook -ലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുമ്പായി കോളേജുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടുതവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. ഭാരതത്തിലെ ഒന്നാംനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സ്ഥാപനങ്ങൾ

നടത്തുന്നതിന് എ.ഐ.സി.റ്റി.ഇ യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും - അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 ആക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമിക്കുന്ന അദ്ധ്യാപകരിൽ 20% മാത്രമേ കരാർ അല്ലെങ്കിൽ താൽക്കാലിക നിയമനം പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക സർവ്വകലാശാലയിൽ വിദ്യാർത്ഥി കൗൺസിൽ, അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് മുതലായവ രൂപീകരിക്കുകയും ഭരണ സമിതികളെ ജനാധിപത്യവത്കരിക്കുകയും ചെയ്തതിലൂടെ പ്രസ്തുത സർവ്വകലാശാലയുടെ നിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാങ്കേതിക ശാസ്ത്ര സർവകലാശാലയെ ജനാധിപത്യ വൽക്കരിക്കുന്നതിന്റെ ഭാഗമായി 2017 ഡിസംബറിൽ ആക്ട് ഭേദഗതി ചെയ്ത് സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, വിദ്യാർത്ഥി കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് സമിതി, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുകയുണ്ടായി. തുടർന്ന് സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും അക്കാദമിക് കൗൺസിലും ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുകയുണ്ടായി. സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടിന്റെ കരട്

പൂർത്തീകരിച്ച് ആയത് നിയമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. സമിതികളുടെ പുനഃസംഘടനംയിലൂടെ സർവകലാശാലയുമായി ബന്ധപ്പെട്ട് ഉയർന്നിരുന്ന നിരവധി പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ അക്കാദമിക് സമിതി രൂപീകരിച്ചതോടെ പ്രസ്തുത സമിതിയുടെ മേൽ നോട്ടത്തിൽ 2019-20 അദ്ധ്യായന വർഷം മുതൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ദേശീയ നിലവാരത്തിനനുസരിച്ച് AICTE-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പുതിയ കരിക്കുലം രൂപീകൃതമായിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ അഭിരുചി വളർത്തുന്നതിനും നൈപുണ്യം ഉയർത്തുന്നതിനുമായി ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ, സംരംഭകത്വ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.

(സി) സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

(സി) എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ്

അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.ടി.ഇ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

18.01.2019 ലെ സ.ഉ.(സാധാ) നം.77/2019/ ഉ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം, 2019 - 20 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള കോഴ്സുകൾക്കും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്ത ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ ഉൾപ്പെടുത്തി സ്വാശ്രയ നിയമ നിർവ്വഹണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(signature)

സെക്ഷൻ ഓഫീസർ